# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:*73

14.01.2021-ലെ മറുപടി

### വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ്<br>ശ്രീ . എ ..പ്രദീപ് കുമാർ<br>ശ്രീ . വി.കെ. പ്രശാന്ത്<br>ശ്രീ . എം. നൗഷാദ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | അപേക്ഷിച്ച് പതിനഞ്ച് ദിവസത്തിനകം കുടിവെള്ള കണക്ഷൻ നൽകുന്ന തരത്തിലേക്ക് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ആധുനികീകരിക്കാനും ശക്തിപ്പെടുത്താനും സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (എ) | അപേക്ഷിച്ച് പതിനഞ്ച് ദിവസത്തിനകം കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ ഭാഗികമായി നടപ്പിലാക്കി തുടങ്ങി. ചില സ്ഥലങ്ങളിൽ റോഡ് കട്ടിങ്ങിന്റെ അനുമതിക്കുള്ള കാലതാമസം കൊണ്ട് മാത്രമാണ് കണക്ഷനുകൾ നൽകുവാൻ താമസിക്കുന്നത്. കൂടാതെ ജല ജീവൻ മിഷൻ വഴി ഗ്രാമീണ മേഖലയിൽ ഗാർഹിക കണക്ഷനുകൾ വളരെ വേഗത്തിൽ നൽകി വരുന്നു . |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കുടിവെള്ള ചാർജ്ജിൽ വർദ്ധനവ് വരുത്തിയിരുന്നോ; ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്നതിനേക്കാൾ ഏറെ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കാതിരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കുടിവെള്ള ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ചെലവാകുന്നതിനേക്കാൾ ഏറെ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നത്കൊണ്ട് കേരള വാട്ടർ അതോറിറ്റിയുടെ വരവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. ഇത് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കാതിരിക്കാൻ വിതരണ ശൃംഖല പരമാവധി വിപുലപ്പെടുത്തി ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സർക്കാർ നൽകുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് ഈ കുറവ് ഭാഗികമായി നികത്തുന്നത്. |
| (സി) | പ്രധാന നഗരങ്ങളിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കുകയെന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ; തലസ്ഥാന നഗരിയിൽ കുടിവെള്ള വിതരണം വിപുലീകരിക്കാൻ സാധ്യമായിട്ടുണ്ടോ? | (സി) | എ.ഡി.ബി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി തിരുവനന്തപുരം,കൊച്ചി നഗരങ്ങളിൽ നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിതരണ നഷ്ടം പരമാവധി കുറച്ച് 24 മണിക്കൂറും ഗുണമേന്മയുള്ള കുടിവെള്ള വിതരണം ഉറപ്പാക്കാനായി തയ്യാറാക്കിയ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2511 കോടി രൂപക്കുള്ള ഭരണാനുമതി 07/02/2020 ൽ നൽകിയിട്ടുള്ളതാണ്. എ.ഡി.ബി.യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിൽ ചെലവ് പങ്കിട്ട് |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടപ്പാക്കലിനായി സർക്കാർ തലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി,സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി, അപ്പക്സ് കമ്മിറ്റി എന്നിവ 21/04/2020 ൽ രൂപീകരിച്ചിട്ടുണ്ട്. പ്രൊജക്റ്റ് മാനേജ്മെന്റ് ആൻറ് സൂപ്പർവിഷൻ കൺസൾട്ടന്റിനെ (PMSC) തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് (EoI), ടേംസ് ഓഫ് റഫറൻസ് (ToR) എന്നിവ എ.ഡി.ബി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടിവെള്ള വിതരണം വിപുലീകരിക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**